150 YEARS OF CELEBRATING THE MAHATMA

ലഹരി വർജ്ജന മിഷൻ
# വിമുക്തി
ജീവിതം തന്നെ ലഹരി

## നാളത്തെ കേരളം
# ലഹരിമുക്ത
## നവകേരളം

2019 നവംബർ 1
മുതൽ
2020 ജനുവരി
30 വരെ

ജീവിതം
തന്നെ ലഹരി

ലഹരി വർജ്ജന മിഷൻ
വിമുക്തി

**കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ**
കേരള സംസ്ഥാന എക്സൈസ് വകുപ്പ്

CHAKRA

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

ലഹരി വർജ്ജന മിഷൻ
# വിമുക്തി
ജീവിതം തന്നെ ലഹരി

## നാളത്തെ കേരളം
# ലഹരിമുക്ത നവകേരളം

**90 ദിന തീവ്രയത്ന ബോധവൽക്കരണ പരിപാടി**



# സംസ്ഥാനതല ശില്പശാല
06.11.2019 ബുധനാഴ്ച രാവിലെ 10.30 ന്

ഉദ്ഘാടനം ▸ **ശ്രീ. ടി. പി. രാമകൃഷ്ണൻ**
(ബഹു. തൊഴിൽ & എക്സൈസ് വകുപ്പ് മന്ത്രി)

സ്ഥലം ▸ വൈലോപ്പിള്ളി സംസ്കൃതി ഭവൻ,
നന്തൻകോട്, തിരുവനന്തപുരം

# ലഹരിമുക്ത നവകേരളം

നാളത്തെ കേരളം

ബഹുമാന്യരെ,

"മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും, മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായി ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ സംസ്ഥാന ലഹരിവർജ്ജന മിഷൻ എന്ന പേരിൽ വിമുക്തി പദ്ധതി ആവിഷ്ക്കരിച്ച് പ്രവർത്തനം നടന്നുവരികയാണ്."

"മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗത്തിനെതിരെ വിപുലമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും, നിയമവിരുദ്ധ വസ്തുക്കളുടെ ശേഖരണം, കടത്ത്, ഉറവിടം എന്നിവ കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടുകൂടിയ പദ്ധതികളാണ് വിമുക്തിയിലൂടെ നടപ്പാക്കി വരുന്നത്."

"വിമുക്തി പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി ചേർന്ന് നല്ല രീതിയിൽ ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മേൽ പ്രവർത്തനങ്ങൾ ജനങ്ങളുടെയിടയിൽ ലഹരി വിരുദ്ധ ആശയരൂപീകരണത്തിന് അടിത്തറ പാകിയിട്ടുണ്ട്."

"ലഹരിമുക്ത കേരളം സാധ്യമാക്കുന്നതിന് കൂടുതൽ വിപുലമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിലേക്ക് "നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന പേരിൽ 90 ദിന തീവ്രയത്ന പരിപാടി സംഘടിപ്പിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഈ പദ്ധതിയുടെ നയ രൂപീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനതല ശില്പശാല 2019 നവംബർ 6-ാം തീയതി രാവിലെ 10.30 ന് നന്തൻകോട് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വച്ച് നടത്തുന്നു."

"കേരളത്തിലെ സാംസ്കാരിക-സാമൂഹിക, കലാ-സാഹിത്യ രംഗത്തെ പ്രമുഖരും, സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ച് നടത്തുന്ന പ്രസ്തുത ശില്പശാലയുടെ ഉദ്ഘാടനം ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി **ശ്രീ. ടി.പി. രാമകൃഷ്ണൻ** അവർകൾ നിർവ്വഹിക്കുന്നതാണ്."

വിമുക്തി

ജീവിതം തന്നെ ലഹരി

2019 നവംബർ 1 മുതൽ 2020 ജനുവരി 30 വരെ

ശില്പശാലയിലേയ്ക്ക് താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

**എസ്.ആനന്ദകൃഷ്ണൻ, ഐ.പി.എസ്**

എക്സൈസ് കമ്മീഷണർ/എ.ഡി.ജി.പി